**ലാന്റ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ നടപടിക്രമം**

**പബ്ലിക് ഓഫീസ് ബിൽഡിംഗ് , തിരുവനന്തപുരം**

**(ഹാജർ. ഇ. ദേവദാസൻ ഐ.എ.എസ്.)**

എൽ.ആർ.(എൻ)1- 555/15 തീയതി : 1102.2016

വിഷയം :- റവന്യു വകുപ്പ് - ഹയർ സർവ്വെ പരിശീലനം - തിരുവനന്തപുരം, കോഴിക്കോട് കേന്ദ്രങ്ങൾ-റീലിംഗ്വിഷ്മെന്റ് ചെയ്ത ജീവനക്കാരെ പരിശീലനത്തിൽ നിന്ന് ഒഴിവാക്കി ഉത്തരവാകുന്നത് - സംബന്ധിച്ച്:

സൂചന:-

1 ഇതേ കാര്യാലയത്തിലെ മേൽ നമ്പർ നടപടിക്രമം, തീയതി: 27.11.2015 & 08.12.2015.

2 കൊല്ലം ജില്ലാ കളക്ടറുടെ ഇ4-4327/15 നമ്പർ കത്ത്, തീയതി: 01.12.2015.

3 പത്തനംതിട്ട ജില്ലാ കളക്ടറുടെ എസ്2-16/15 നമ്പർ കത്ത്, തീയതി: 06.12.2015.

4 കോട്ടയം ജില്ലാ കളക്ടറുടെ എ2-101/15 നമ്പർ കത്ത്, തീയതി: 30.11.2015.

5 ആലപ്പുഴ ജില്ലാ കളക്ടറുടെ എ1-200/15 നമ്പർ കത്ത്, തീയതി: 03.12.2015.

6 തിരുവനന്തപുരം ജില്ലാ കളക്ടറുടെ എസ്7-6000/15 നമ്പർ കത്ത്, തീയതി: 16.12.2015.

7 തൃശൂർ ജില്ലാ കളക്ടറുടെ എ1-58355/15 നമ്പർ കത്ത്, തീയതി: 14.12.2015 & 16.12.2015 .

8 പാലക്കാട് ജില്ലാ കളക്ടറുടെ എസ്3-2015/7/9 നമ്പർ കത്ത്, തീയതി: 01.12.2015, 03.12.2015 & 16.12.2015

9 മലപ്പുറം ജില്ലാ കളക്ടറുടെ എ1-29/15 നമ്പർ കത്ത്, തീയതി: 05.12.2015.

10 കണ്ണൂർ ജില്ലാ കളക്ടറുടെ എ1-3698/15 നമ്പർ കത്ത്, തീയതി: 0212.2015 & 11.12.2015

*****

03.12.2015 - 02.02.2016 കാലയളവിലെ ഹയർ സർവ്വെപരിശീലനത്തിനായി തിരുവനന്തപുരം/കോഴിക്കോട് കേന്ദ്രങ്ങളിൽ സൂചന (1) പ്രകാരം ജീവനക്കാരെ നിയോഗിച്ചുത്തരവായിരുന്നു. ടി നടപടിക്രമത്തിൽ ശ്രീ. ജോൺ പ്രിൻസ് റീലിംഗ്വിഷ്മെന്റ് ചെയ്തതായി സൂചന (2) പ്രകാരം കൊല്ലം ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ. സാം ജേക്കബ് നേരത്തേ ഹയർ സർവ്വെ പരിശീലനം നേടിയിട്ടുള്ളയാളാണെന്ന് പത്തനംതിട്ട ജില്ലാകളക്ടറും ശ്രീ. ബാബു രാജേന്ദ്രദാസ്, ശ്രീ. റെജി. കെ.സി. എന്നിവർ റിട്ടയർ ചെയ്തിട്ടുള്ളവരാണെന്നും ശ്രീ.ദിലീപ് കെ. നായർ, ശ്രീമതി. ഡാർളി സന്തോഷ് പി .എന്നിവർ റീലിംഗ്വിഷ്മെന്റ് ചെയ്തിട്ടുണ്ടെന്ന് കോട്ടയം ജില്ലാകളക്ടറും സൂചന (3),(4) എന്നിവ പ്രകാരം അറിയിച്ചിട്ടുണ്ട്. ശ്രീ. ശ്രീരാമകൃഷ്ണൻ പരാമർശ കാലയളവിലെ ഹയർ സർവ്വെ

പരിശീലനത്തിൽ നിന്നൊഴിവാകുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിവരം സൂചന (5) പ്രകാരം ആലപ്പുഴ ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിൽ നിന്ന് ശ്രീ. പ്രകാശ് കുറുപ്പ്, ശ്രീ. ഷിബു എ.എൻ., ശ്രീ. ബാബുദാസ് എന്നിവരും തൃശൂർ ജില്ലയിൽ നിന്ന് ശ്രീ. രാജേഷ് കെ.പി. ശ്രീ. റ്റി.ജി. ദേവസി, ശ്രീ. സണ്ണി പി., പെരുമ്പുള്ളി ശ്രീ. വർഗീസ് എ.പി., ശ്രീമതി. രതി റ്റി.ജി., ശ്രീ. അനൂബ് സി.ബി., എന്നിവരും പാലക്കാട് ജില്ലയിൽ നിന്ന് ശ്രീ. മോഹൻ റ്റി. , ശ്രീമതി. പി. രാജേശ്വരി, ശ്രീ. ആർ. വിനോദ്, ശ്രീ. മോഹൻദാസ് കെ, ശ്രീ. അജിത്കുമാർ റ്റി.വി., ശ്രീ.ജയചന്ദ്രൻ ബി., ശ്രീ. എൻ.മോഹൻദാസൻ എന്നിവരും മലപ്പുറം ജില്ലയിൽ നിന്ന് ശ്രീ. കെ.ഇ. ആന്റണി റോയ്, ശ്രീ. അജിത് എഡ്വേർഡ് എന്നിവരും റീലിംഗ്വിഷ്മെന്റ് അപേക്ഷ സമർപ്പിച്ചിട്ടുള്ളതായി അതത് ജില്ലാകളക്ടർമാർ സൂചന (6), (7), (8), (9) കത്തുകൾ പ്രകാരം അറിയിച്ചിട്ടുണ്ട്. ശ്രീ. രതീഷ് ആർ. സസ്പെൻഷനിലാണെന്നും ശ്രീ. അൻവർ എസ്. റീലിംഗ്വിഷ്മെന്റ് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും സൂചന (10) പ്രകാരം കണ്ണൂർ ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സൂചന (2) മുതൽ (10) വരെയുള്ള റിപ്പോർട്ടുകൾ പരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ പരാമർശ ജീവനക്കാരെ 03.12.2015 - 02.02.2016 കാലയളവിലെ ഹയർ സർവ്വെ പരിശീലന ത്തിൽ നിന്നൊഴിവാക്കി ഇതിനാൽ ഉത്തരവാകുന്നു.

ബന്ധപ്പെട്ട ജില്ലാകളക്ടർമാർ/ഉദ്യോഗസ്ഥർ ഹയർ സർവ്വെ പരിശീലനത്തിൽ നിന്നൊഴി വാക്കപ്പെട്ടവരുടെ സേവപപുസ്തകത്തിൽ ടി വിവരം രേഖപ്പെടുത്തേണ്ടതും റീലിംഗ്വിഷ്മെന്റ് സ്റ്റേറ്റ്മെന്റ് ടി പുസ്തകത്തിൽ പതിച്ച് വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

(ഒപ്പ്)
ജോയിന്റ് കമ്മീഷണർ

പകർപ്പ് :

1 ഡയറക്ടർ, സർവ്വെ & ലാന്റ് റിക്കോർഡ്സ്, തിരുവനന്തപുരം.
2 അസിസ്റ്റന്റ് ഡയറക്ടർ, സെൻട്രൽ സർവ്വെ ഓഫീസ്, തിരുവനന്തപുരം
3 അസിസ്റ്റന്റ് ഡയറക്ടർ, സർവ്വെ റേഞ്ച് ഓഫീസ്, കോഴിക്കോട്
4 ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ
5 ഐ.ടി. സെൽ (6) കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

റ്റി

## ലാന്റ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ നടപടിക്രമം

(പബ്ലിക് ആഫീസ് ബിൽഡിംഗ്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം - 33)
(ഹാജർ: ഇ. ദേവദാസൻ ഐ.എ.എസ്.)

നം. എൽ.ആർ. (എൻ)1- 30/2016 തീയതി. 12-02-2016

വിഷയം: റവന്യൂ വകുപ്പ് - ഹയർ സർവെ പരിശീലനം - തിരുവനന്തപുരം/കോഴിക്കോട് കേന്ദ്രങ്ങൾ - റിലിംഗ്വിഷ്മെന്റ് ചെയ്ത ജീവനക്കാർക്ക് പകരം ജീവനക്കാരെ നിയോഗിക്കുന്നത് - സംബന്ധിച്ച്.

സൂചന:
1. ഈ കാര്യാലയത്തിലെ മേൽ നമ്പർ നടപടിക്രമം, 5-2-2016.
2. ആലപ്പുഴ ജില്ലാ കളക്ടറുടെ എ1-200/16 നമ്പർ കത്ത്, 9-2-016.
3. തൃശൂർ ജില്ലാ കളക്ടറുടെ എ1- 7999/16 നമ്പർ കത്ത്, 9-2-2016.
4. മലപ്പുറം ജില്ലാ കളക്ടറുടെ എ1- 29/15(2) നമ്പർ കത്ത്, 8-2-2016.
5. കണ്ണൂർ ജില്ലാ കളക്ടറുടെ KNR/438/15 തീയതി 10-2-2016.

09-02-2016 - 08-04-2016 കാലയളവിലെ ഹയർ സർവെ പരിശീലനത്തിനായി സൂചന 1 പ്രകാരം ജീവനക്കാരെ നിയോഗിച്ചുത്തരവായിരുന്നു. ടി നടപടിക്രമത്തിൽ, ആലപ്പുഴ ജില്ലയിൽ നിന്ന് ശ്രീ. മുഹമ്മദ് അബ്ദുൾ വാഹിദ്, ശ്രീ. കെ.കെ. ടൈറ്റസ്, ശ്രീ. സെബാസ്റ്റ്യൻ തോമസ്, ശ്രീമതി കല എന്നിവർ റിലിംഗ്വിഷ്മെന്റ് ചെയ്തതായി സൂചന 2 പ്രകാരം ആലപ്പുഴ ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

കോഴിക്കോട് കേന്ദ്രത്തിൽ ഹയർ സർവ്വെയ്ക്ക് നിയോഗിച്ചിരുന്നവരിൽ ശ്രീമതി ഹേമ. ഒ.ബി. റിലിംഗ്വിഷ്മെന്റ് ചെയ്തിട്ടുണ്ടെന്നും ശ്രീ. റ്റി. അനന്തകൃഷ്ണൻ ഹയർസർവ്വെ പൂർത്തീകരിച്ചിട്ടുള്ളതാണെന്നും സൂചന 3 പ്രകാരം തൃശൂർ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ. അബ്ദുൾ നാസർ. കെ. റിലിംഗ്വിഷ്മെന്റ് ചെയ്തിട്ടുണ്ടെന്നും 29-2-2016 ന് വിരമിക്കുന്നതിനാൽ ശ്രീ. റ്റി. അബ്ദുൾ റഷീദിനെ വിടുതൽ ചെയ്തിട്ടില്ലെന്നും മലപ്പുറം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ നിന്ന് ശ്രീ. ശിവാനന്ദൻ, ശ്രീമതി പത്മാവതി. എ.വി., ശ്രീമതി മുംതാസ്, ശ്രീമതി കെ.ഇ. ഹാജിറ, ശ്രീ. മനോഹരൻ. റ്റി., ശ്രീ. ഫൽഗുനൻ, ശ്രീ. ജോർജ്ജ് പൗലോസ് എന്നിവർ റിലിംഗ്വിഷ്മെന്റ് അപേക്ഷ സമർപ്പിച്ചിട്ടുള്ളതായി കണ്ണൂർ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സൂചന 2 മുതൽ 5 വരെയുള്ള കത്തുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശ ജീവനക്കാരെ പ്രസ്തുത കാലയളവിലെ അതത് കേന്ദ്രങ്ങളിലെ ഹയർസർവ്വെ പരിശീലനത്തിൽ നിന്നൊഴിവാക്കിക്കൊണ്ടും ടി കേന്ദ്രങ്ങളിൽ പകരം 4 വീതം ജീവനക്കാരെ നിയോഗിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

**<u>തിരുവനന്തപുരം കേന്ദ്രം</u>**

| ക്രമ നം. | പേര് | ഉദ്യോഗപ്പേര് | ജില്ല |
|---|---|---|---|
| 1. | ഷീബ. എം.എസ്. | ഡി.റ്റി./ജെ.എസ്. | മലപ്പുറം |
| 2. | അനിതാറാണി | " | " |
| 3. | രാധാമണിയമ്മ. ആർ | എച്ച്.സി. | പത്തനംതിട്ട |

| | | | |
|---|---|---|---|
| 4. | അൻവർ. എസ്. | ഡി.റ്റി./ജെ.എസ്./വി.എ. | കണ്ണൂർ |

**കോഴിക്കോട് കേന്ദ്രം**

| ക്രമ നം. | പേര് | ഉദ്യോഗപ്പേര് | ജില്ല |
|---|---|---|---|
| 1. | മഹമൂദ്. എൻ | ഡി.റ്റി./ജെ.എസ്. | മലപ്പുറം |
| 2. | റ്റി.വി. കൃഷ്ണരാജ് | " | കണ്ണൂർ |
| 3. | രാഘവൻ. കെ.കെ. | " | " |
| 4. | വിശ്വനാഥൻ. പി. | " | " |

മേൽ പരാമർശിക്കുന്ന ജീവനക്കാരെ സർവ്വെയും ഭൂരേഖയും വകുപ്പ് അസിസ്റ്റന്റ് ഡയറക്ടർ (സെൻട്രൽ സർവ്വെ ആഫീസ്, തിരുവനന്തപുരം/സർവ്വെ റേഞ്ച് ആഫീസ്, കോഴിക്കോട്) മുമ്പാകെ അടിയന്തിരമായി ഹാജരാകണമെന്നുള്ള നിർദ്ദേശത്തോടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ/ജില്ലാ കളക്ടർമാർ വിടുതൽ ചെയ്യേണ്ടതാണ്. ടി ജീവനക്കാർ ഇതിനു മുമ്പ് ഹയർ സർവ്വെ പരിശീലനം നേടിയിട്ടില്ലെന്ന് ഉറപ്പുവരുത്തിയതിനു ശേഷം മാത്രമേ വിടുതൽ ചെയ്യാവൂ. പരിശീലനത്തിനായി തിരഞ്ഞെടുക്കപ്പെട്ടവരുടെ സേവന പുസ്തത്തിൽ ഈ വിവരം രേഖപ്പെടുത്തേണ്ടതാണ്.

ഹയർ സർവ്വെ പരിശീലനത്തിന് നിയോഗിക്കപ്പെടുന്ന ജീവനക്കാർ റിലിംഗ്വിഷ്മെന്റ് അപേക്ഷ സമർപ്പിക്കുന്ന പക്ഷം അതിനാധാരമായി വ്യക്തമായ കാരണ മുണ്ടെന്ന് മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ബോധ്യം വന്നാലേ മേലധികാരി ആയത് പരിഗണക്കാവൂ. അല്ലാത്തപക്ഷം ഒരു കാരണവശാലും റിലിംഗ്വിഷ്മെന്റ് അപേക്ഷ പരിഗണിക്കേണ്ടതില്ല. ഈ ഉത്തരവ് ലഭിച്ച് രണ് ദിവസത്തിനകം ആയത് ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. പരിശീലനത്തിനായി നിയോഗിക്കപ്പെട്ട വിവരം/റിലിംഗ്വിഷ്മെന്റ് വിവരം നിശ്ചയമായും സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കണം.

ടി ഉദ്യോഗസ്ഥരെ പരിശീലനത്തിനായി വിടുതൽ ചെയ്ത വിവരവും ഇവർ പരിശീലനത്തിനായി ഹാജരായ വിവരവും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഈ കാര്യാലയത്തിൽ യഥാസമയം അറിയിക്കേണ്ടതാണ്.

(ഒപ്പ്)
ജോയിന്റ് കമ്മീഷണർ

കക്ഷികൾക്ക് (ബന്ധപ്പെട്ട ജില്ലാ കളക്ടർ മുഖാന്തിരം)
പകർപ്പ്

1. ഡയറക്ടർ, സർവ്വെ ആന്റ് ലാന്റ് റിക്കാർഡ്സ്, തിരുവനന്തപുരം.
2. സർവ്വെ അസിസ്റ്റന്റ് ഡയറക്ടർ, സെൻട്രൽ സർവ്വെ ആഫീസ്, തിരുവനന്തപുരം.
3. സർവ്വെ അസിസ്റ്റന്റ് ഡയറക്ടർ, സർവ്വെ റേഞ്ച് ആഫീസ്, തൃശൂർ
4. ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക്
5. ഐ.ടി. സെൽ
6. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

T8- 12/2/2016